നോർക്കയുടെ സേവനങ്ങൾ

*20 [483] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:

ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ

(എ) വിദേശ മലയാളികൾക്കായി നോർക്ക നടത്തി വരുന്ന സേവനങ്ങൾ എന്തെല്ലാമാണ്;

(ബി) ഏതെല്ലാം രാജ്യങ്ങളിൽ എത്ര മലയാളികൾ വീതം ജോലി ചെയ്യുന്നുണ്ടെന്ന വിവരം വെളിപ്പെടുത്താമോ;

(സി) വിദേശ തൊഴിൽ സാദ്ധ്യതകളെ സംബന്ധിച്ച് നോർക്ക ഏതെങ്കിലും തരത്തിലുള്ള പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ തൊഴിൽ സാദ്ധ്യതയുടെ പൂർണ്ണ രൂപം സംസ്ഥാനത്തെ തൊഴിൽ അന്വേഷകരുടെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ നടപടി സ്വീകരിക്കുമോ?

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ):

(എ) വിദേശ മലയാളികൾക്കായി നോർക്ക നടത്തി വരുന്ന സേവനങ്ങൾ ഇപ്രകാരമാണ്. തൊഴിൽ വിസയുടെ നിജസ്ഥിതി അന്വേഷിച്ചറിയുക, വിദേശത്ത് കാണാതായവരെ അന്വേഷിച്ചുകണ്ടെത്തി നാട്ടിലെത്തിക്കുക, കള്ളക്കേസുകളിൽ കുടുങ്ങി ജയിലുകളിൽ കഴിയുന്നവരെ മോചിപ്പിക്കുക, സ്പോൺസറുടെയും മറ്റും അന്യായ തടങ്കലിൽ കഴിയുന്നവരെ മോചിപ്പിക്കുക, തൊഴിൽ നഷ്ടപ്പെട്ട് വിദേശത്ത് അലയുന്നവരെ കണ്ടുപിടിച്ച് നാട്ടിൽ എത്തിക്കുക, അപകടത്തിൽ പെട്ടവർക്ക് ആശ്വാസ നടപടികൾ ലഭ്യമാക്കുക, വിദേശത്ത് മരിച്ചവരുടെ മൃതദേഹം കാലവിളംബം കൂടാതെ നാട്ടിലെത്തിക്കുക, തൊഴിൽ തർക്കങ്ങൾ ന്യായമായി പരിഹരിക്കുക, വിവിധ പ്രശ്നങ്ങളിൽമേൽ നിയമസഹായം നൽകുക, തൊഴിലുടമയിൽ നിന്നും ലഭിക്കുവാനുള്ള ആനുകൂല്യങ്ങൾ നേടിയെടുക്കുവാൻ സഹായിക്കുക, തൊഴിൽ തേടിപോകുന്നവരുടെ വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിന് സഹായിക്കുക, കുവൈറ്റ് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് സഹായിക്കുക, പ്രവാസികളുടെ നാട്ടിലുള്ള കുടുംബാംഗങ്ങൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ ബന്ധപ്പെട്ട വകുപ്പുകൾ മുഖേന വേണ്ട പരിഹാരം കാണാൻ സഹായിക്കുക.

(ബി) വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്ന മലയാളികളുടെ കൃത്യമായ സ്ഥിതി വിവര കണക്കുകൾ സർക്കാരിനു ലഭ്യമല്ല. എന്നാൽ തിരുവനന്തപുരത്തെ സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് നടത്തിയ ഒരു പഠന റിപ്പോർട്ട് പ്രകാരമുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.†

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

(സി ആന്റ് ഡി) വിദേശ രാജ്യങ്ങളിലെ തൊഴിൽ സാദ്ധ്യതകളെകുറിച്ച് പഠിക്കുന്നതിനും തൊഴിൽ അന്വേഷകരെ ഇക്കാര്യത്തിൽ സഹായിക്കുന്നതിനും ഇ-മാപ്പിംഗ് അഥവാ എംപ്ലോയ്മെന്റ് മാപ്പിംഗ് എന്ന ഒരു പരിപാടി നോർക്കയുടെ ഫീൽഡ് ഏജൻസിയായ റൂട്ട്സ് എൻ.ആർ.കെ. ഡെവലപ്മെന്റ് ഇനീഷ്യേറ്റീവ് ആസൂത്രണം ചെയ്തു വരികയാണ്.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

മുൻ ജന്മിമാർക്ക് പെൻഷൻ

1 [3171] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുൻ ജന്മിമാർ നേരിടുന്ന പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ 50 സെന്റിൽ കൂടുതൽ സ്ഥലമുള്ളവർക്ക് മുൻ ജന്മി പെൻഷൻ നൽകേണ്ടതില്ല എന്ന് തീരുമാനമെടുത്തിട്ടുണ്ടോ;

(സി) കൂടുതൽ ജന്മിമാർക്ക് ആനുകൂല്യം ലഭ്യമാക്കുവാൻ നിലവിൽ ഉള്ള ഉത്തരവ് പുനഃപരിശോധിക്കാൻ സർക്കാർ തയ്യാറാവുമോ;

(ഡി) മുൻ ജന്മിമാരുടെ നഷ്ടപരിഹാരത്തിന്റെ കണക്ക് തീർത്തു നൽകുവാൻ ജില്ലാതല അദാലത്തുകൾ നടത്താൻ സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1997-ലെ കേരള ഭൂപരിഷ്ക്കരണ (അവശജന്മിമാർക്കുള്ള പെൻഷൻ) ചട്ടങ്ങൾ. ചട്ടം 4(3) പ്രകാരം 50 സെന്റിൽ കൂടുതൽ സ്ഥലമുള്ള ജന്മിമാർക്ക് പെൻഷൻ നൽകാൻ വ്യവസ്ഥയില്ല.

(സി) കൂടുതൽ മുൻ ജന്മിമാർക്ക് ആനുകൂല്യം ലഭിക്കുന്നതിലേയ്ക്ക് 17-11-2003-ലെ സർക്കാർ ഉത്തരവ് ജി. ഒ. (എം.എസ്.)363/03/ആർ.ഡി പ്രകാരം ജന്മി പെൻഷന് അപേക്ഷിക്കുന്നതിനുള്ള യോഗ്യതാ മാനദണ്ഡത്തിൽ ജന്മിമാരിൽ നിന്നും സർക്കാർ ഏറ്റെടുത്ത മിച്ചഭൂമിയുടെ പരിധി ഒരേക്കറെങ്കിലും വേണമെന്നത് 50 സെന്റായി കുറവ് ചെയ്ത് ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്.

(ഡി) ഇക്കാര്യം ഇപ്പോൾ ആലോചനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II

[23-7-2004-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *20 (483) സഭയം കാണുക]

Distribution of Emigrants by Country of Residence

		Percentage 2004	*Emigrants 2004*
UAE	..	36.5	670150
Saudi Arabia	..	26.7	489988
Oman	..	8.3	152865
Kuwait	..	6.2	113967
Bahrain	..	5.9	108507
Qatar	..	5.4	98953
USA	..	5.3	98271
England	..	1.2	22520
Africa	..	0.9	15696
Singapore	..	0.8	14331
Other Europe	..	0.8	14331
Maldives Is	..	0.7	13649
Other SE Asia	..	0.3	7507
Australia & New Zealand	..	0.3	6142
Canada	..	0.3	4777
Malaysia	..	0.3	4777
Other West Asia	..	0.1	2047
Total	..	100	1838478

Source: K. C. Zachariah and S. Irudaya Rajan. 2004. Gulf Revisited. CDS-SANEI South Asian Migration Study.

LIBRARY ARCHIVES Kerala Legislative Assembly